## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.90 — 06.01.2014 ൽ മറുപടിയ്ക്ക്

## കസ്തൂരിരംഗൻ റിപ്പോർട്ടിലെ ശുപാർശകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.റ്റി.എ.റഹിം | | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | കസ്തൂരിരംഗൻ റിപ്പോർട്ട് സംബന്ധിച്ച് പുറപ്പെടുവിച്ച വിശദീകരണ ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ; | (ബി) | വിശദീകരണ ഉത്തരവിന്റെ ദുർവ്യാഖ്യാനം ശ്രദ്ധയിൽപ്പെട്ടതിനാലാണ് പിൻവലിച്ചത്. |
| (സി) | കസ്തൂരിരംഗൻ റിപ്പോർട്ട് വന്ന ശേഷം വസ്തുകരം സ്വീകരിക്കൽ, പ്രമാണം പതിക്കൽ, പട്ടയവിതരണം എന്നിവയ്ക്ക് ചില ഉദ്യോഗസ്ഥർ തടസ്സം സൃഷ്ടിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പരിസ്ഥിതിലോല പ്രദേശങ്ങൾ സംബന്ധിച്ച് കസ്തൂരിരംഗൻ റിപ്പോർട്ടിലെ ശുപാർശകളിൽ ജനങ്ങൾക്കുള്ള ആശങ്ക പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | 1. കസ്തൂരിരംഗൻ കമ്മിറ്റിയുടെ ശുപാർശകൾ അറിഞ്ഞപ്പോൾ തന്നെ, അതിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കണക്കിലെടുക്കാതെ അന്തിമ തീരുമാനം എടുക്കരുതെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചു. കൂടാതെ ആശുപത്രികൾ 'ചുവപ്പു വിഭാഗത്തി'ലായതിനാൽ, പരിസ്ഥിതിലോല മേഖലകളിലെ ചുവപ്പുവിഭാഗ വ്യവസായ നിയന്ത്രണത്തിൽ നിന്ന് ആശുപത്രികളെ ഒഴിവാക്കണമെന്ന് ശുപാർശ ചെയ്തു.<br>2. രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചു |

ചേർത്ത് അവരുടെ അഭിപ്രായം അറിഞ്ഞു. അതിനെത്തുടർന്ന്, റിപ്പോർട്ടിലെ ശുപാർശകൾ സംബന്ധിച്ചും, കേന്ദ്ര സർക്കാർ പുറപ്പെടുവിക്കാനുള്ള വിശദമായ വിജ്ഞാപനത്തിന്റെ ആവശ്യത്തിനായും റിപ്പോർട്ടിലെ ശുപാർശകൾ ബന്ധപ്പെട്ട് എല്ലാവരുമായി ചർച്ച ചെയ്ത് ശുപാർശ സമർപ്പിക്കാനായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, മുൻ ഐ.എ.എസ് ഉദ്യോഗസ്ഥനായ ശ്രീ. പി.സി.സിറിയക്ക് എന്നിവരടങ്ങുന്ന വിശദമായ സമിതി രൂപീകരിച്ചു.

3. ജനങ്ങളുടെ ആശങ്കകൾ പരിഗണിക്കുന്നതിനായും, അതാതിടങ്ങളിലെ യഥാർത്ഥ പരിസ്ഥിതി ലോല പ്രദേശങ്ങൾ ജനാധിവാസ മേഖലകൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ 01.01.1977 നു മുമ്പ് കൈവശാവകാശമുള്ള പ്രദേശങ്ങൾ എന്നിവ ഒഴിവാക്കിയും, മാനദണ്ഡങ്ങൾ പാലിക്കുന്ന വനം, കാവുകൾ, മൊട്ടക്കുന്നുകൾ, പാറക്കെട്ടുകൾ, പുൽമേടുകൾ എന്നിവ നിലനിർത്തേണ്ടവ കണ്ടെത്തി നിർണ്ണയിക്കുന്നതിനായി നേരിട്ടു പരിശോധന നടത്തി, സർക്കാരിലേക്കു ശുപാർശ നൽകുന്നതിനായി അതാത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സെക്രട്ടറിയായും വില്ലേജ് ഓഫീസർ, ഫോറസ്റ്റ് റേഞ്ച്

ഓഫീസർ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും പരിശോധനാ സമിതി രൂപീകരിച്ചു.

4. നേരത്തേ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പരിഗണിച്ച് അതുപ്രകാരമുള്ള പരിസ്ഥിതിലോല മേഖലകളിൽ അനുമതികൾ നല്കണമെന്ന ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവുകൾ ഉണ്ടായിരുന്നത് പുന:പരിശോധിക്കാൻ നടപടിയെടുത്തു.അതു പ്രകാരം മറ്റ് റിപ്പോർട്ടുകൾ കൂടി പരിഗണിക്കാമെന്ന് ട്രൈബ്യൂണൽ ഉത്തരവ് ഭേദഗതി ചെയ്തിട്ടുണ്ട്.

5. പരിസ്ഥിതിലോല പ്രദേശങ്ങൾ പുനർനിർണ്ണയിക്കാനും, പരാതികൾ കേൾക്കാനുമായി വിദഗ്ധ സമിതി രൂപീകരിച്ച കാര്യവും റിപ്പോർട്ട് കിട്ടിയശേഷം വിശദമായ റിപ്പോർട്ടു സമർപ്പിക്കുമെന്നും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചു.

(signature)

സെക്ഷൻ ഓഫീസർ